**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3936** **03-03-2023 - ൽ മറുപടിയ്ക്ക്**

**ജയിലുകളുടെ ആധുനീകവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജയിലുകൾ ആധുനീകവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | അനുബന്ധം I ആയി ചേർക്കുന്നു |
| (ബി) | 2016-ലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ചീമേനി തുറന്ന ജയിലിൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

ജുഡീഷ്യൽ കസ്റ്റഡിയിലും ശിക്ഷിയ്ക്കപ്പെട്ടും ജയിലുകളിൽ കഴിയുന്ന തടവുകാരുടെ സുരക്ഷിത കസ്റ്റഡിയും സംശുദ്ധീകരണവും സാന്മാർഗ്ഗീകരണവും കൂടാതെ അവരുടെ ക്ഷേമവും പുനരധിവാസവും എന്ന വീക്ഷണത്തോട് കൂടി തടവുകാർക്ക് മാന്യമായ ജീവിത നിലവാരം ഉറപ്പുവരുത്തുക, വ്യത്യസ്ത തലത്തിലുള്ള തൊഴിൽ പരിശീലനങ്ങളും ബോധവത്ക്കരണങ്ങളും മറ്റ് വിദ്യാഭ്യാസ പരിപാടികളും നൽകി സാമൂഹ്യ ജീവിതത്തിന് അനുയോജ്യരാക്കുക എന്നതാണ് ജയിൽ വകുപ്പിന്റെ ദൗത്യം. വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി ആധുനികവത്ക്കരിയ്ക്കുന്നതിന്റെ ഭാഗമായി താഴെ പറയും പ്രകാരം വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

### 1. തടവുകാരുടെ ബാഹുല്യ പ്രശ്നം പരിഹരിയ്ക്കുന്നതിനുള്ള പദ്ധതികൾ

ജയിൽ വകുപ്പ് നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് അംഗീകൃത പാർപ്പിട ശേഷിയിലും കൂടുതൽ തടവുകാരെ പാർപ്പിക്കേണ്ടി വരുന്ന സ്ഥിതിവിശേഷം (Over crowding). ഇതിന് പരിഹാരമായി കഴിഞ്ഞ 5 വർഷങ്ങൾക്കിടെ 4 പുതിയ ജയിലുകൾ പ്രവർത്തനം ആരംഭിയ്ക്കുകയും ഒരു ജയിൽ അപ്ഗ്രേഡ് ചെയ്യപ്പെടുകയും രണ്ട് ജയിലുകൾ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിയ്ക്കുകയും ചെയ്തു.

- സംസ്ഥാനത്തെ ആദ്യത്തെ അതീവ സുരക്ഷാ ജയിൽ ആയ വിയ്യൂർ അതീവ സുരക്ഷാ ജയിൽ 03-07-2019 ൽ പ്രവർത്തനം ആരംഭിച്ചു. പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡിൽ (2011-15) ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ജയിൽ 33.16 കോടി രൂപ പദ്ധതി ചെലവിലാണ് പൂർത്തിയാക്കിയിട്ടുള്ളത്. 535 പേരെ പാർപ്പിയ്ക്കുന്നതിനുള്ള ശേഷിയാണ് ജയിലിനുള്ളത്.

- ജില്ലാ ജയിൽ, ഇടുക്കി – പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ (2011-15) ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ഇടുക്കി ജില്ലാ ജയിൽ 11/2018 മുതൽ പ്രവർത്തനം ആരംഭിച്ചു. 283 പേരെ പാർപ്പിയ്ക്കുന്നതിന് ശേഷിയുള്ള ടി ജയിലിന്റെ പദ്ധതി ചെലവ് **6.56 കോടി രൂപയായിരുന്നു.**

- **ജില്ലാ ജയിൽ, പാലക്കാട് –** പാലക്കാട് കോട്ടയിൽ പ്രവർത്തിച്ചിരുന്ന സ്പെഷ്യൽ സബ് ജയിൽ അപ്ഗ്രേഡ് ചെയ്ത് ജില്ലാ ജയിൽ ആയി മലമ്പുഴയിൽ പുതിയ കെട്ടിടം നിർമ്മിച്ച് 07/2019 മുതൽ പ്രവർത്തനം ആരംഭിച്ചു. പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡിൽ (2011-15) ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പ്രവൃത്തി 11.52 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു. അംഗീകൃത പാർപ്പിടശേഷി 320 ആകുന്നു.

- **ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ-** പ്രസ്തുത ജയിൽ കൂടുതൽ സൗകര്യങ്ങളോടെ പുതിയ കെട്ടിടത്തിൽ 30/07/2020 മുതൽ പ്രവർത്തനം ആരംഭിച്ചു. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ (2011-15) ഉൾപ്പെടുത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തി 5.66 കോടി രൂപ പദ്ധതി ചെലവിലാണ് പൂർത്തിയാക്കിയിട്ടുള്ളത്. 101 പേരെ പാർപ്പിയ്ക്കുന്നതിനുള്ള ശേഷിയാണ് ജയിലിനുള്ളത്.

- **ആലപ്പുഴ ജില്ലാ ജയിൽ** - ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിച്ച് 11/2020 മുതൽ ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാകുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 6.12 കോടി രൂപ ചെലവിലാണ് കെട്ടിടം നിർമ്മിച്ചത്. പാർപ്പിട ശേഷി 84 ആകുന്നു.

- **സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ** - സ്വാതന്ത്ര്യാനന്തരം സംസ്ഥാനത്ത് സ്ഥാപിച്ച ആദ്യത്തെ സെൻട്രൽ പ്രിസൺ ആണ് തവനൂരിലേത്. പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡ് കാലയളവിൽ (2011-15) നിർമ്മാണം ആരംഭിച്ച പ്രസ്തുത ജയിൽ 33.85 കോടി രൂപ പദ്ധതി ചെലവിലാണ് പൂർത്തിയാക്കിയത്. 06/2022ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ച പ്രസ്തുത ജയിലിന്റെ അംഗീകൃതശേഷി 706 ആണ്.

- **സ്പെഷ്യൽ സബ് ജയിൽ, കുത്തുപറമ്പ് :-** വാർഷിക പദ്ധതിയിൽ 330 ലക്ഷം രൂപ വകയിരുത്തി നിർമ്മിച്ച ടി ജയിൽ 06/2022 ൽ ഉദ്ഘാടനം ചെയ്തിരുന്നു. 42 പേരെ പാർപ്പിയ്ക്കുന്നതിനുള്ള ശേഷിയാണ് ജയിലിനുള്ളത്.

- **ജില്ലാ ജയിൽ ,പത്തനംതിട്ട —** 2016-17 ലെ വാർഷിക പദ്ധതിയിൽ 5.50 കോടി രൂപ വകയിരുത്തി നിർമ്മാണം ആരംഭിച്ച പ്രസ്തുത പ്രവൃത്തിയുടെ ആദ്യഘട്ടം 11/2021 ൽ പൂർത്തിയായിരുന്നു. രണ്ടാംഘട്ട പ്രവൃത്തിയ്ക്കായി 2022-23 ലെ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ 691.13 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നല്കിയിട്ടുണ്ട്.

- **തളിപ്പറമ്പ് സബ് ജയിൽ :-** 2019-20 ലെ വാർഷിക പദ്ധതിയിൽ തളിപ്പറമ്പ് സ്പെഷ്യൽ സബ് ജയിൽ നിർമ്മാണത്തിന്റെ ആദ്യഘട്ട പ്രവൃത്തികൾക്കായി 7.75 കോടി രൂപ (ഏഴ് കോടി എഴുപത്തിയഞ്ച് ലക്ഷം) രൂപ വകയിരുത്തുകയും പ്രവൃത്തി പുരോഗമിയ്ക്കുകയും ചെയ്യുന്നു.

- വടകരയിലും മണ്ണാർക്കാട്ടും പുതിയ ജയിലുകൾ നിർമ്മിയ്ക്കുന്നതിന് ജയിൽ വകുപ്പിന് സ്ഥലം ലഭ്യമായിട്ടുള്ളതാകുന്നു. വടകര റൂറൽ ജില്ലാ ജയിൽ നിർമ്മാണത്തിന് 60 സെന്റ് സ്ഥലവും മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണത്തിന് 4 ഏക്കർ സ്ഥലവും ആണ് ലഭിച്ചിട്ടുള്ളത്.

2 . **അടുക്കള നവീകരണം:-** വൃത്തിയുള്ളതും ഗുണമേന്മയുള്ളതുമായ ഭക്ഷണം അന്തേവാസികളുടെ അവകാശമാണ്. പതിമൂന്നാം പദ്ധതി കാലയളവിൽ അടുക്കള നവീകരണ പ്രവൃത്തികൾക്കായി 440.89 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. മൂന്ന് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിൽ ആധുനിക സംവിധാനങ്ങളോട്ടുകൂടിയ അടുക്കള സ്ഥാപിക്കുന്നതിന് 2015-16 ൽ മൂന്ന് കോടി രൂപ വകയിരുത്തുകയും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി 2019 ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാകുന്നു.

3. **മാനസിക രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിനുള്ള പ്രത്യേക ബ്ലോക്ക് നിർമ്മാണം:** - മാനസിക രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിന് തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ പ്രിസണുകളിൽ പ്രത്യേകം ബ്ലോക്ക് നിർമ്മിക്കുന്നതിന് 2018-19 ലെ വാർഷിക പദ്ധതിയിൽ 5.98 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിരുന്നു. അതിൽ വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണുകളിലെ പ്രവൃത്തി പൂർത്തിയാക്കി 10/2022 ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ പ്രവൃത്തിയ്ക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. **ബോർസ്റ്റൽ സ്കൂളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ**

ജയിലുകളിലെ സ്ഥിരം കുറ്റവാളികളുടേയും കൊടും കുറ്റവാളികളുടേയും സ്വാധീനത്തിൽപ്പെട്ടുപോകാതെ 18 മുതൽ 21 വയസ്സുവരെ പ്രായമുള്ള കുറ്റവാളികളുടെ കസ്റ്റഡിയും സംശുദ്ധീകരണവും പുനരധിവാസവും മികച്ച രീതിയിൽ നടത്തുന്നതിനുവേണ്ടിയാണ് ബോർസ്റ്റൽ സ്കൂൾ എന്ന ആശയം വിഭാവനം ചെയ്തിട്ടുള്ളത്.

ജയിൽ വകുപ്പിന് കീഴിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെ തന്നെ ഏക ബോർസ്റ്റൽ സ്കൂൾ ആയ എറണാകുളം ജില്ലയിലെ തൃക്കാക്കരയിലുള്ള ബോർസ്റ്റൽ സ്കൂളിനെ രാജ്യത്തെ തന്നെ മികച്ച ബോർസ്റ്റൽ സ്കൂൾ ആയി വികസിപ്പിക്കുന്നതിന് 2019-20 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 330 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. പുതിയ കെട്ടിട നിർമ്മാണം, ജലശുദ്ധീകരണ പ്ലാന്റ്, ഇൻസിനറേറ്റർ, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, പബ്ലിക് അഡ്രസ്സ് സംവിധാനം, സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടർ ലാബ് തുടങ്ങിയ വിവിധ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. അതിൽ പുതിയ കെട്ടിട നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളും (10%) ജലശുദ്ധീകരണ പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിയ്ക്കുന്നതും ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കി കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. **ട്രാൻസ്ജൻഡർ തടവുകാർക്കായി പ്രത്യേകം സെല്ലുകളുടെ നിർമ്മാണം**

ജയിലുകൾ ട്രാൻസ്ജൻഡർ സൗഹൃദമാക്കുന്നതിനും ജയിലുകളിൽ അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനും ട്രാൻസ്ജൻഡർ തടവുകാർക്കായി പ്രത്യേകം സെല്ലുകൾ നിർമ്മിയ്ക്കുന്നതിന്റെ

ഭാഗമായി തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും എറണാകുളം ജില്ലാ ജയിലിലും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2020-21 ലെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

6. **ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം**

തടവുകാരെ നേരിട്ട് കോടതിയിൽ ഹാജരാക്കുന്നതിന് പകരം വീഡിയോകോൺഫറൻസിലൂടെ ഹാജരാക്കുന്നതിന് ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോകോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 23.90 കോടി രൂപയാണ് പദ്ധതി ചെലവ്. ആകെ 374 കോടതി ലൊക്കേഷനുകളും 53 ജയിൽ സ്ഥാപനങ്ങളിലായി 86 ലൊക്കേഷനുകളും ഉൾപ്പെടെ ആകെ 460 ഇടത്താണ് ടി സംവിധാനം സ്ഥാപിച്ചിട്ടുള്ളത്.

പദ്ധതിയുടെ ആദ്യഘട്ടം, 174 ലൊക്കേഷനുകളിൽ, 01/2020 ൽ കമ്മീഷൻ ചെയ്യുകയുണ്ടായി. രണ്ടാംഘട്ടത്തിലുള്ള 150 ലൊക്കേഷനുകളിൽ 07/2020 ലും ബാക്കിയുള്ള 136 ലൊക്കേഷനുകളിൽ 02/2021 ലും പ്രവൃത്തി പൂർത്തിയാക്കി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുകയുണ്ടായി.

കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും എസ്കോർട്ട് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലാഭിയ്ക്കുവാനും യാത്രാ ചെലവിനത്തിലുള്ള ഭാരിച്ച തുക ലാഭിയ്ക്കുവാനും കൂടാതെ കോടതിയിൽ കൊണ്ടുപോകുന്ന സന്ദർഭങ്ങളിൽ തടവുകാർ രക്ഷപെടാനുള്ള സാധ്യതയൊഴിവാക്കുവാൻ സാധിയ്ക്കുന്നതും തുടങ്ങി ബഹുമുഖ പ്രയോജനങ്ങളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതുവഴി കൈവരിയ്ക്കുവാൻ കഴിഞ്ഞിട്ടുള്ളത്. 31-12-2022 വരെ 2,96,211 തവണ തടവുകാരെ വി.സി സിസ്റ്റം മുഖേന കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്

7. സുരക്ഷ വർദ്ധിപ്പിയ്ക്കുന്നതിന് **ആധുനിക ഉപകരണങ്ങൾ സ്ഥാപിയ്ക്കുക**

ജയിൽ സുരക്ഷ വർദ്ധിപ്പിയ്ക്കുന്നതിന് വിവിധങ്ങളായ ആധുനിക സുരക്ഷാ സംവിധാനങ്ങൾ ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സി.സി.ടി.വി സർവ്വെയലൻസ് സംവിധാനം, മെറ്റൽ ഡിറ്റക്ടർ, എക്സ്-റേ ബാഗ്ഗേജ് സ്കാനർ, പവ്വർ ഫെൻസിംഗ് തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ കഴിഞ്ഞ 5 വർഷ കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്.

- സി.സി.ടി.വി സർവ്വെയലൻസ് സംവിധാനം:- സുരക്ഷ വർദ്ധിപ്പിയ്ക്കുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും സി.സി.ടി.വി സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. 2017-18 ൽ 18 ജയിലുകളിൽ സി.സി.ടി.വി സംവിധാനം സ്ഥാപിയ്ക്കുന്നതിന് 207 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മൂന്ന് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേയും മൂന്ന് ജില്ലാ ജയിലിലേയും സി.സി.ടി.വി സംവിധാനം നവീകരിയ്ക്കുന്നതിനും 2 ജില്ലാ ജയിലുകളിൽ പുതിയതായി സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തുന്നതിനും 2018-19 ൽ 495 ലക്ഷം രൂപയും 2020-21 ൽ 22.78 ലക്ഷം രൂപയും അനുവദിച്ച് പ്രവൃത്തി ചെയ്തിട്ടുണ്ട്. തവനൂർ സെൻട്രൽ പ്രിസണിൽ സി.സി.ടി.വി സംവിധാനം സ്ഥാപിയ്ക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിയ്ക്കുന്നു; കൂടാതെ പുതിയതായി ഉദ്ഘാടനം ചെയ്യപ്പെട്ട കുത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിലും പുതിയ കെട്ടിട നിർമ്മാണം നടക്കുന്ന പത്തനംതിട്ട ജില്ലാ ജയിലിലും ഒഴികെയുള്ള എല്ലാ ജയിലുകളിലും സി.സി.ടി.വി സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

- മെറ്റൽ ഡിറ്റക്ടർ :- 2020-21 ൽ 46 ജയിലുകളിൽ 189.98 ലക്ഷം രൂപ ചെലവിൽ Door Frame Metal Detector സ്ഥാപിച്ചിട്ടുണ്ട്.

- എക്സ്-റേ ബാഗ്ഗേജ് സ്കാനർ :- ജയിൽ നിരോധിത വസ്തുക്കൾ ഉള്ളിലേയ്ക്ക് കടത്തുന്നത് തടയുന്നതിന്, 2020-21 ൽ 69.03 ലക്ഷം രൂപ ചെലവിൽ മൂന്ന് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ എക്സ്-റേ ബാഗ്ഗേജ് സ്കാനർ സ്ഥാപിച്ചിട്ടുണ്ട്.

- പവ്വർഫെൻസിംഗ് സംവിധാനം - സുരക്ഷ വർദ്ധിപ്പിയ്ക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിലും വിയ്യൂർ അതീവ സുരക്ഷാ ജയിലിലും പവ്വർ ഫെൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

8. ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം

സർക്കാരിന്റെ സുരക്ഷാ ഏജൻസികളായ സൈന്യം, പോലീസ്, മറ്റ് സർവ്വീസുകൾ എന്നിവയ്ക്കായി പ്രത്യേകം വികസിപ്പിച്ചെടുത്തിട്ടുള്ള ആധുനിക വയർലെസ്സ് കമ്മ്യൂണിക്കേഷൻ സംവിധാനമാണ് *TETRA Communication System:-* TETRA (Terrestrial Trunked Radio).

ജയിൽ വകുപ്പിൽ മൂന്ന് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ **സിഡാക്** മുഖേന ടെട്രാകമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് 229.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ 17-03-2017 ന് സിഡാകിന് വർക്ക് ഓർഡർ നൽകി 30-03-2017 ൽ കരാർ ഒപ്പുവച്ചിരുന്നു. സ്പെക്ട്രം ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള SACFA ക്ലിയറൻസ് 10/2021, 01/2022 എന്നീ മാസങ്ങളിലായി ലഭിച്ചിട്ടുണ്ട്. ടെട്രാ സിസ്റ്റത്തിന്റെ ഭാഗമായുള്ള ബേസ് സ്റ്റേഷൻ ഉൾപ്പെടെയുള്ളവ സിഡാക് സ്ഥാപിച്ചിട്ടുണ്ട്. സ്പെക്ട്രം ലൈസൻസ് കൂടി ലഭ്യമാകുന്ന മുറയ്ക്ക് പ്രോജക്റ്റ് കമ്മീഷൻ ചെയ്യുവാൻ സാധിക്കുന്നതാണ്.

9. ഇ-ഗവർണൻസ്

ജയിൽ വകുപ്പിന്റെ ദൈനംദിന ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിവിധ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചുവരുന്നു.

(a) iAPS for Prisons:- ഇ-ഫയൽ മാനേജ്മെന്റ് സംവിധാനമായ iAPS for Prisons (Internal Administrative Processing System) 2016 ൽ ജയിൽ വകുപ്പിൽ ആരംഭിച്ചിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും പ്രസ്തുത സംവിധാനം വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതാകുന്നു. കെൽട്രോൺ മുഖേനയാണ് ടി സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

(b) ePrison Suite:- തടവുകാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതനുമുള്ള വെബ്അധിഷ്ഠിത ആപ്ലിക്കേഷൻ ആണ് ePrison Suite. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ആണ് ടി സംവിധാനം വികസിപ്പിച്ചത്. 2015 ലാണ് പ്രസ്തുത സംവിധാനം ജയിൽ വകുപ്പിൽ ആരംഭിച്ചത്. 2017-20 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ലഭിച്ച തുക വിനിയോഗിച്ച് പ്രസ്തുത പദ്ധതിക്കാവശ്യമായ ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതാകുന്നു.

(c) eMulakat:- ജയിൽ വകുപ്പിന്റെ ഒരേയൊരു ഓൺലൈൻ സർവ്വീസ് ആണ് തടവുകാർക്ക് അവരുടെ ബന്ധുക്കളുമായും തങ്ങളുടെ വക്കീലുമായും നേരിട്ട് കണ്ട് സംസാരിക്കുന്നതിനുള്ള eMulakat എന്ന സംവിധാനം. 2020 സെപ്റ്റംബറിലാണ് പ്രസ്തുത സംവിധാനം ആരംഭിച്ചത്.

10. തടവുകാരുടെ പുനരധിവാസം

ജയിലുകളെ സംബന്ധിച്ചുള്ള ആധുനിക വീക്ഷണത്തിൽ കുറ്റവാളികളായ തടവുകാരെ കുറ്റവാസനയിൽ നിന്നും മോചിപ്പിച്ച് ഉത്തമ പൗരൻമാരാക്കി മാറ്റേണ്ടത് സമൂഹ്യ സുരക്ഷയ്ക്കും ക്ഷേമത്തിനും അനിവാര്യമാണ്.

ശിക്ഷാ കാലയളവിൽ വിവിധ തൊഴിലുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യവും പരിശീലനവും ഇത്തരം സംരംഭങ്ങളിൽ സജീവ പങ്കാളിത്തവും നൽകുന്നത് ശിക്ഷാ കാലയളവിന് ശേഷവും പരാശ്രയമില്ലാതെ സമൂഹത്തിൽ ജീവിക്കുന്നതിന് അന്തേവാസികളെ പ്രാപ്തരമാക്കുന്നു.

സംസ്ഥാനത്തെ ജയിലുകളിൽ ഒട്ടേറെ തൊഴിലധിഷ്ഠിത കോഴ്സുകൾ സംഘടിപ്പിച്ച് ആവശ്യമായ പരിശീലനം നൽകി വിവിധ ഉത്പന്നങ്ങൾ നിർമ്മിച്ച് പൊതു വിപണിയിൽ എത്തിക്കുയും അത് വഴി സാമൂഹ്യ സേവനവും സർക്കാരിൽ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ജയിൽ വകുപ്പ് നേതൃത്വം നൽകി വരുന്നുണ്ട്. ചപ്പാത്തി, ചിക്കൻ കറി, ബിരിയാണി, ബേക്കറി ഉത്പന്നങ്ങൾ, ഫാഷൻ വസ്ത്രങ്ങൾ, LED ലാമ്പുകൾ, കരകൗശല വസ്തുക്കൾ തുടങ്ങി തടവുകാർ ജയിലിനുള്ളിൽ തന്നെ ഉത്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് ഏറെ ജനസമ്മതിയും സ്വീകാര്യതയും നേടിയെടുക്കാൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. ഇത്തരം പരിശീലനവും തുടർന്ന് ജയിലുകളിൽ തന്നെ ലഭ്യമാക്കുന്ന തൊഴിലവസരങ്ങളും തടവുകാരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും മാനസിക സംഘർഷങ്ങൾ കുറയ്ക്കുന്നതിനും ഏറെ പ്രയോജനകരമാകുന്നുണ്ട്.

വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളായ കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിംഗ്, ബ്യൂട്ടീഷൻ കോഴ്സ്, LED ബൾബ് നിർമ്മാണം, ഫുഡ് പ്രോസസ്സിംഗ്, മരപ്പണി, സോപ്പ് നിർമ്മാണം. ചോക്ക് നിർമ്മാണം, കട

നിർമ്മാണം, ചന്ദനത്തിരി/മെഴുക് തിരി നിർമ്മാണം, കറി പൗഡർ നിർമ്മാണം, ബേക്കറി ഉത്പന്നങ്ങളുടെ നിർമ്മാണം, കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ് കോഴ്സ്, മൊബൈൽ ഫോൺ ടെക്നോളജി, വയർമാൻ കോഴ്സ്, പ്ലംബിംഗ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, പ്രൊഫഷണൽ കുക്കറി, ലൈബ്രറി സയൻസ്, യോഗ & മെഡിറ്റേഷൻ, നഴ്സറി ടീച്ചർ ട്രയിനിംഗ് കോഴ്സ്, അലുമിനിയം ഫാബ്രിക്കേഷൻ, ലാമിനേഷൻ വർക്ക്, ബുക്ക് ബൈൻഡിംഗ്, ഫോട്ടോഗ്രഫി, ഫർണിച്ചർ നിർമ്മാണം, ഡിപ്ലോമ ഇൻ ഒപ്റ്റിക്കൽ ഫൈബർ ടെക്നീഷ്യൻ & ഡിജിറ്റൽ ടെക്നോളജി, സ്ക്രീൻ പ്രിന്റിംഗ്, ബാഗ് നിർമ്മാണം, ഫാബ്രിക് ഗ്ലാസ്സ് പെയിന്റിംഗ്, സോളാർ എനർജി & സോളാർ മെയിന്റനൻസ് സർവ്വീസ്, പഞ്ചകർമ്മ തെറാപ്പി കോഴ്സ്, ഷോർട്ട് ഫിലിം ഡോക്യുമെന്ററി പ്രൊഡക്ഷൻ, ടു വീലർ റിപ്പയർ, വെർമി കമ്പോസ്റ്റ് നിർമ്മാണം, മുട്ടക്കോഴി വളർത്തൽ, തടികൊണ്ടുള്ള കളിക്കോപ്പ് നിർമ്മാണം, മുദ്രപാവ നിർമ്മാണത്തിനുള്ള പരിശീലനം, അന്തേവാസികൾക്ക് പരമ്പരാഗത കലകളുടെ പരിശീലനം തുടങ്ങിയ വൈവിദ്ധ്യമാർന്ന തൊഴിൽ പരിശീലന പരിപാടികളാണ് ഓരോ വർഷവും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

മേൽ പറഞ്ഞവ കൂടാതെ അന്തേവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതിന് കാർപ്പെന്ററി, സ്മിത്തി, ബൈൻഡിംഗ്, വീവിംഗ്, ടൈലറിംഗ്, സോപ്പ് നിർമ്മാണം തുടങ്ങിയ വിവിധ മാനുഫാക്ചറി യൂണിറ്റുകൾ, വ്യവസായികാടിസ്ഥാനത്തിൽ ഭക്ഷ്യ നിർമ്മാണ യൂണിറ്റ്, കഫറ്റീരിയ, പെട്രോളിയം ഔട്ട്‌ലറ്റ്, വിവിധ ഫാമുകൾ, ബ്യൂട്ടി പാർലർ എന്നിവയും വിവിധ ജയിലുകളിലായി പ്രവർത്തിയ്ക്കുന്നു.

11. **അന്തേവാസികൾക്കുള്ള വേതനം:-**

ജയിലുകളിൽ വിവിധ ജോലികൾക്ക് അന്തേവാസികൾക്കുള്ള വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

12. **അന്തേവാസികൾക്കുള്ള വിനോദപരിപാടികൾ:-**

ജയിലുകളിൽ അന്തേവാസികളുടെ മാനസിക പിരിമുറക്കം കുറയ്ക്കുന്നതിനും മാനസിക ഉന്മേഷം പ്രദാനം ചെയ്യുന്നതും മാനസിക പരിവർത്തനത്തിന് വളരെ പ്രാധാന്യം അർഹിയ്ക്കുന്ന സംഗതിയാണ്. ഇതിനായി എഫ്.എം റേഡിയോ, ടെലിവിഷൻ, ലൈബ്രറി സൗകര്യങ്ങൾ, കായികോപകരണങ്ങൾ എന്നിവ ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

13. RO പ്ലാന്റ്, പവ്വർ ലോണ്ട്രി സംവിധാനം

തിരുവനന്തപുരം / വിയ്യൂർ / കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ 53.86 ലക്ഷം രൂപ പദ്ധതി ചെലവിൽ അന്തേവാസികളുടെ ആവശ്യത്തിലേയ്ക്കായി RO പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതാകുന്നു. അന്തേവാസികളുടെ വസ്ത്രങ്ങൾ അലക്കുന്നതിന് ടി മൂന്ന് ജയിലുകളിലും നെട്ടുകാൽത്തേരി തുറന്ന ജയിലിലും 53 ലക്ഷം രൂപ ചെലവിൽ പവ്വർ ലോണ്ട്രിയും സ്ഥാപിച്ചിട്ടുള്ളതാകുന്നു.

14. 2019-20ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, തടവുകാരുടെ ആവശ്യത്തിനായി 85.74 ലക്ഷം രൂപ ചെലവിൽ 6 ആംബുലൻസ് വാങ്ങിയിട്ടുള്ളതാകുന്നു.

15. ഉദ്യോഗസ്ഥരുടെ പരിശീലനത്തിന് ആയുധങ്ങൾ വാങ്ങുന്നതിന് 2021-22ലെ വാർഷിക പദ്ധതിയിൽ 174.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിയ്ക്കുകയും ചെയ്യുന്നു.

16. ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോമിലെ കാർഷിക വികസന പ്രവർത്തനങ്ങൾക്കായി 33.50 ലക്ഷം രൂപ ചെലവിൽ 2022ൽ Excavator വാങ്ങിയിട്ടുള്ളതാകുന്നു.

17. വകുപ്പിന്റെ ക്ഷേമം ലക്ഷ്യമാക്കി ജയിൽ വ്യവസായങ്ങളിൽ നിന്നും ലഭിക്കുന്ന ലാഭത്തിന്റെ 50% ഉപയോഗിച്ച് Prison Development Fund രൂപീകരിച്ചിട്ടുള്ളതാകുന്നു. ജയിലുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും അന്തേവാസികളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് ടി തുക വിനിയോഗിയ്ക്കുന്നത്. പ്രസ്തുത ഫണ്ടിലേയ്ക്ക് ഇതേവരെ 9.87 കോടി രൂപ (ഒൻപത് കോടി എൺപത്തിയേഴ് ലക്ഷം രൂപ) മുതൽക്കൂട്ടുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - II

| ക്രമ നം. | പദ്ധതി | വർഷം | തുക (രൂപ) |
|---|---|---|---|
| 1 | വിവിധ ഫാമുകളുടെ വിപുലീകരണം | 2016-17 | 32,00,000 |
| 2 | ബ്യൂട്ടി പാർലർ | 2016-17 | 15,00,000 |
| 3 | പുതിയ ബാരക്ക് നിർമ്മാണം | 2017-18 | 3,08,00,000 |
| 4 | അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്ക് നിർമ്മാണം | 2017-18 | 2,00,00,000 |
| 5 | പൗൾട്രി ഫാം നിർമ്മാണം | 2018-19 | 14,00,750 |
| 6 | ലൈബ്രറി നവീകരണം | 2018-19 | 1,41,000 |
| 7 | ആട്, പശുഫാം വിപുലീകരണം | 2019-20 | 7,50,000 |
| 8 | പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം | 2020-21 | 14,00,000 |
| 9 | ലൈറ്റനിംഗ് അറസ്റ്റർ | 2020-21 | 9,10,000 |
| 10 | ടോയ്‌ലറ്റ് നിർമ്മാണം | 2021-22 | 15,00,000 |
| 11 | റോഡ് നവീകരണം | 2021-22 | 15,00,000 |
| 12 | വെജിറ്റബിൾ സീഡ് ലിങ്സ് പ്രൊഡക്ഷൻ യൂണിറ്റ് | 2021-22 | 3,80,000 |
| 13 | പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി ട്രെയിനിംഗ് | 2021-22 | 3,62,000 |
| 14 | എക്സ്കവേറ്റർ | 2021-22 | 33,50,000 |

1. സി.സി.ടി.വി സിസ്റ്റം: - ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2016 നവംബറിൽ 10.94 ലക്ഷം (പത്ത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം) രൂപ ചെലവിൽ സി.സി.ടി.വി സർവ്വെയലൻസ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

2. ഇ-പ്രിസൺ, ഇ-ഫയൽ ആപ്ലിക്കേഷൻ:- തടവുകാരെ സംബന്ധിച്ച വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനമായ ഇ-പ്രിസൺ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനും ഇ-ഫയൽ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനുമായി 2016 മുതൽ ഇതുവരെ

3,59,546/- (മൂന്ന് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി അഞ്ചൂറ്റി നാല്പത്തിയാറ് രൂപ) ചെലവിൽ കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പിയർ, ഫിംഗർ പ്രിന്റ്, സ്കാനർ, വെബ്ക്യാമറ, സ്പീക്കർ, മൈക്രോഫോൺ, യു.പി.എസ്, എന്നീ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

3. മെറ്റൽ ഡിറ്റക്ടർ:- (2020-21) ലെ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോമിൽ 4,13,000/- രൂപ (നാല് ലക്ഷത്തി പതിമൂവ്വായിരം രൂപ) ചെലവിൽ ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ സ്ഥാപിച്ചിട്ടുണ്ട്.

4. ജയിൽ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം:- 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ 36,38,508/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി അഞ്ഞൂറ്റിയെട്ട് രൂപ) ചെലവിൽ ജയിലിലെ അന്തേവാസികൾക്ക് വിവിധ തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാകുന്നു.

5. ജയിൽ ക്ഷേമ ദിനാഘോഷം:- ജയിൽ അന്തേവാസികളുടെ മാനസിക പരിവർത്തനം ലക്ഷ്യമിട്ടുകൊണ്ട് അവരുടെ കലാ, കായിക, സാഹിത്യ അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ വർഷവും ജയിൽ ക്ഷേമ ദിനാഘോഷം സംഘടിപ്പിക്കാറുണ്ട്. 2016-17 മുതൽ 2022-23 വരെ ഇത്തരുണത്തിൽ 5,91,000/- (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരം) രൂപ ചെലവിൽ ജയിൽ ക്ഷേമ ദിനാഘോഷം സംഘടിപ്പിച്ചിരുന്നു.

6. യോഗ /തുടർ വിദ്യാഭ്യാസ പരിപാടി:- ജയിൽ അന്തേവാസികൾക്ക് യോഗ / തുടർ വിദ്യാഭ്യാസ പരിശീലന പരിപാടികൾക്കായി ടി കാലയളവിൽ 1,10,950/- രൂപ (ഒരു ലക്ഷത്തി പതിനായിരത്തി തൊള്ളായിരത്തി അൻപത് രൂപ) ചെലവഴിച്ചിട്ടുണ്ട്.

7. ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ സഹായത്തോടുകൂടി പെട്രോളിയം ഔട്ട്ലറ്റ് (ഫ്രീഡം ഫ്യുവൽ ഫില്ലിംഗ് സ്റ്റേഷൻ) 2020 ൽ ജയിലിൽ സ്ഥാപിച്ചിട്ടുണ്ട്.

8. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് 2018-19 ൽ ഉൾപ്പെടുത്തി ബാരക്കിന് മുൻ വശത്തായി ഒരു മിനി മാസ്റ്റ് ലൈറ്റ് 2021 ൽ സ്ഥാപിച്ചിട്ടുണ്ട്.

9. പൊതുമരാമത്ത് വകുപ്പിന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി 2022 ജയിൽ ആശുപത്രി കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുള്ളതാകുന്നു.